Australian Government

Department of Health

## ഏജ്ഡ് കെയർ മേഖലയിൽ COVID-19 മൂലമുള്ള വിഷമവും ബുദ്ധിമുട്ടും നേരിടുന്നവർക്കുള്ള പിന്തുണ

ഓസ്ട്രേലിയൻ ഏജ്ഡ് കെയർ മേഖല നേരിടുന്ന ദുരിതത്തിനും, നഷ്ടത്തിനും, ആഘാതത്തിനും ഓസ്ട്രേലിയൻ സർക്കാറിന്റെ ഫണ്ടിംഗ് സേവനങ്ങൾ ധനസഹായം നൽകുന്നു. റെസിഡൻഷ്യൽ ഏജ്ഡ് കെയർ ജീവനക്കാർ, ഹോം കെയർ സ്വീകർത്താക്കൾ, അവരുടെ പ്രിയപ്പെട്ടവർ, പ്രായമായ കെയർ സ്റ്റാഫ് എന്നിവർക്ക് സേവനങ്ങൾ ലഭ്യമാണ്. നിങ്ങൾക്ക് ഈ സേവനങ്ങൾ സ്വയം ഉപയോഗിക്കാൻ കഴിയും, അല്ലെങ്കിൽ നിങ്ങളുടെ പ്രിയപ്പെട്ടവരോടും കമ്മ്യൂണിറ്റികളോടും അതിനെ കുറിച്ച് പറയുക.

എല്ലാവർക്കും അവ സൗജന്യമായി ഉപയോഗിക്കാവുന്നതാണ്.

ഈ സ്ഥാപനങ്ങളെല്ലാം ആളുകളുടെ സംസ്കാരം, മതം, ഐഡന്റിറ്റി, ജീവിതരീതി എന്നിവയെ ബഹുമാനിക്കുന്നു. നിങ്ങൾക്കോ നിങ്ങളുടെ പ്രിയപ്പെട്ടവർ ആർക്കെങ്കിലുമോ ഒരു ദ്വിഭാഷിയുടെ സേവനം ആവശ്യമുണ്ടെങ്കിൽ, **131 450** എന്ന നമ്പരിൽ ട്രാൻസ്ലേറ്റിംഗ് ആൻഡ് ഇന്റർപ്രെറ്റിംഗ് സർവീസിൽ വിളിക്കുക. നിങ്ങളുടെ ഭാഷയും നിങ്ങളെ ബന്ധിപ്പിക്കാൻ ആഗ്രഹിക്കുന്ന സേവനവും ആവശ്യപ്പെടുക.

## ദുരിതത്തിനും നഷ്ടത്തിനുമുള്ള പിന്തുണ

### ഫോൺ കൗൺസലിംഗ്:

COVID-19 മൂലമുള്ള ദുരിതവും നഷ്ടവും നേരിടുന്ന കമ്മ്യൂണിറ്റികൾക്ക് പിന്തുണ നൽകാൻ ഏജ്ഡ് കെയർ സ്റ്റാഫിനും, ഏജ്ഡ് കെയർ ദാതാക്കൾക്കും, മത സാമൂഹിക ഗ്രൂപ്പുകൾക്കും ഓസ്ട്രേലിയൻ സെന്റർ ഫോർ ഗ്രീഫ് അൻഡ് ബെറീവ്മെന്റ് സഹായം നൽകുന്നു. നിങ്ങളുടെ കമ്മ്യൂണിറ്റിക്ക് എങ്ങനെ പിന്തുണ നൽകാം എന്ന് അറിയുന്നറ്റിന് **1800 222 200** എന്ന നമ്പരിൽ ഫോൺ ചെയ്യുക.

നിങ്ങൾ വിളിക്കുമ്പോൾ, നിങ്ങളെയോ നിങ്ങളുടെ പ്രിയപ്പെട്ടവരെയോ പിന്തുണയ്ക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവരോട് സംസാരിക്കാൻ കഴിയും. ടെലിഹെൽത്ത് വഴിയോ (ഫോൺ വഴിയോ വീഡിയോ കോൺഫറൻസ് വഴിയോ) അല്ലെങ്കിൽ വ്യക്തിപരമായി ഒരു പരിശീലകനുമായുള്ള ഗ്രൂപ്പ് കൗൺസിലിംഗ് അല്ലെങ്കിൽ നേരിട്ടുള്ള കൗൺസിലിംഗ് സെഷനുകൾ ഇതിൽ ഉൾപ്പെടാം.

അറബി, ചെക്ക്, ഫാർസി, ഫ്രഞ്ച്, ഇറ്റാലിയൻ, ജാപ്പനീസ്, മാൾട്ടീസ്, സിംഹള, തമിഴ്, സ്പാനിഷ്, യിദ്ദിഷ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യുന്ന ക്ലയന്റുകളുമായി ചേർന്ന് പ്രവർത്തിക്കുന്ന ദ്വിഭാഷാ സ്റ്റാഫുകൾ

ഓസ്ട്രേലിയൻ സെന്റർ ഫോർ ഗ്രീഫ് ആൻഡ് ബെറീവ്മെന്റിന് ഉണ്ട്. നിങ്ങൾ വിളിക്കുമ്പോൾ നിങ്ങളുടെ ഭാഷ ആവശ്യപ്പെടുക. മറ്റ് ഭാഷകൾക്ക്, ആദ്യം **131 450** എന്ന നമ്പറിൽ ട്രാൻസ്ലേഷൻ ആൻഡ് ഇന്റർപെറ്റിംഗ് സേവനത്തിൽ വിളിച്ച ശേഷം ഓസ്ട്രേലിയൻ സെന്റർ ഫോർ ഗ്രീഫ് ആൻഡ് ബെറീവ്മെന്റിന് ആവശ്യപ്പെടുക.

ബധിരർക്കും കേൾവിക്കുറവുള്ളവർക്കും ഓസ്ലാൻ ഉപയോഗിക്കുന്നതിനെ ഓസ്ട്രേലിയൻ സെന്റർ ഫോർ ഗ്രീഫ് ആൻഡ് ബെറീവ്മെന്റ് പിന്തുണയ്ക്കുന്നു.

**ഡിമെൻഷ്യ പിന്തുണ:**

ഡിമെൻഷ്യ സപ്പോർട്ട് ഓസ്ട്രേലിയയിൽ വർഷത്തിൽ 365 ദിവസവും 24 മണിക്കൂർ സഹായം നൽകുന്നു. ഡിമെൻഷ്യ ബാധിച്ച ഒരാളെ പരിചരിക്കുന്ന ആളുകൾക്ക് അവർ ഉപദേശവും ശുപാർശകളും നൽകുന്നു. **1800 699 799** എന്ന നമ്പറിൽ അവരെ ഫോൺ ചെയ്യുക. നിങ്ങൾക്കോ നിങ്ങളുടെ പ്രിയപ്പെട്ടവർ ആർക്കെങ്കിലുമോ ഒരു ദ്വിഭാഷിയുടെ സേവനം ആവശ്യമുണ്ടെങ്കിൽ, **131 450** എന്ന നമ്പരിൽ ട്രാൻസ്ലേറ്റിംഗ് ആൻഡ് ഇന്റർപ്രെറ്റിംഗ് സേവനത്തിൽ വിളിക്കുകയും ഡിമൻഷ്യ സപ്പോർട്ട് ഓസ്ട്രേലിയയ്ക്കായി ആവശ്യപ്പെടുക.

**അഡ്വക്കസി:**

ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്വർക്ക് ഓസ്ട്രേലിയയിൽ ഉടനീളം ഏജ്ഡ് കെയർ അഡ്വക്കസി സേവനങ്ങൾ നൽകുന്നു. നിങ്ങൾക്ക് ലഭിക്കുന്ന ഏജ്ഡ് കെയർ സേവനങ്ങളിൽ നിങ്ങൾക്ക് പ്രശ്നങ്ങളുണ്ടെങ്കിൽ, അവർക്ക് സഹായിക്കാനാകും. പ്രായമായവർക്കും അവരുടെ കുടുംബങ്ങൾക്കും പ്രതിനിധികൾക്കും സൗജന്യവും രഹസ്യാത്മകവും സ്വതന്ത്രവുമായ ഉപദേശവും വിവരവും വിദ്യാഭ്യാസവും ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്വർക്ക് നൽകുന്നു. **1800 700 600** എന്ന നമ്പറിൽ അവരെ വിളിക്കുക. നിങ്ങൾക്കോ നിങ്ങളുടെ പ്രിയപ്പെട്ടവർ ആർക്കെങ്കിലുമോ ഒരു ദ്വിഭാഷിയുടെ സേവനം ആവശ്യമുണ്ടെങ്കിൽ, **131 450** എന്ന നമ്പരിൽ ട്രാൻസ്ലേറ്റിംഗ് ആൻഡ് ഇന്റർപ്രെറ്റിംഗ് സേവനത്തിൽ വിളിക്കുകയും ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്വർക്ക് ആവശ്യപ്പെടുകയും ചെയ്യുക.

**COVID-19-നെ കുറിച്ചുള്ള കൂടുതൽ വിവരം**

ഔദ്യോഗിക ഉറവിടങ്ങളിൽ നിന്ന് വിവരങ്ങൾ അറിയേണ്ടത് പ്രധാനമാണ്. health.gov.au സന്ദർശിക്കുകയോ അല്ലെങ്കിൽ **1800 020 080** എന്ന നമ്പറിൽ കൊറോണ വൈറസ് ഹെൽപ്പ്ലൈനിൽ വിളിക്കുകയോ ചെയ്യുക. വിവർത്തനത്തിനും ദ്വിഭാഷി സേവനത്തിനും **131 450** എന്ന നമ്പറിൽ വിളിക്കുകയും നാഷണൽ കൊറോണ വൈറസ് ഹെൽപ്പ്ലൈൻ ആവശ്യപ്പെടുകയും ചെയ്യുക.